പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7572 | 17.07.2012 ൽ മറുപടിയ്ക്ക് |
|---|---|
| വനിതാ കമ്മീഷന്റെ ലക്ഷ്യങ്ങൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. പാലോട് രവി<br>„ ആർ. സെൽവരാജ്<br>, , ലൂഡി ലൂയിസ്<br>„ എ.പി. അബ്ദുള്ളക്കുട്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) വനിതാ കമ്മീഷന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചന-പരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം കമ്മീഷൻ ഡയറക്ടർ മുഖാന്തിരം നടത്തി അതിന്മേൽ തീരുമാനമെടുക്കുക, അവയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾ ക്കും സർക്കാരിനും ശുപാർശകൾ നൽകുക എന്നിവയാണ് കേരള വനിതാ കമ്മീഷന്റെ മുഖ്യ ലക്ഷ്യം. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുക എന്നതാണ് കമ്മീഷന്റെ ഉദ്ദേശം. കേസ്സുകൾ റിപ്പോർട്ട് വരുത്തി പരിശോധിച്ച് ബന്ധപ്പെട്ടവരെ നേരിൽ കണ്ടതിനുശേഷം ആവശ്യമെങ്കിൽ അദാലത്ത് മുഖേനയും യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നു. |
| (ബി) സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് വനിതാ കമ്മീഷൻ ആസൂത്രണം ചെയ്തിട്ടുള്ളത്; | (ബി) സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിന് കേരള വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| | • എല്ലാ ജില്ലകളിലും മെഗാ അദാലത്തുകളും മിനി അദാലത്തുകളും നടത്തി വരുന്നു.<br>• ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും, പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും ഡി.എൻ.എ ടെസ്റ്റ് നടത്തുന്നതിന് കേരള വനിതാ കമ്മീഷൻ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വനിതാ കമ്മീഷനു ലഭിക്കുന്ന പരാതികളിൽ പിതൃത്വം സംബന്ധിച്ച് തർക്കമുണ്ടാകുന്ന കേസ്സുകളിലും, കുടുംബ കോടതി നിർദ്ദേശ പ്രകാരവുമാണ് ഇപ്രകാരം ചെയ്യുന്നത്.<br>• കേസ്സുകൾ ഒത്തു തീർപ്പാക്കുന്നതിനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിനും വേണ്ടി ഫാമിലി കൗൺസിലിംഗ് നടത്തി വരുന്നുണ്ട്.<br>• സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് നിലവിലുള്ള സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢന നിയമം, ഭരണഘടനാപരമായ സ്ത്രീകളുടെ അവകാശങ്ങൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റി സാധാരണ സ്ത്രീകളെ ബോധവതികളാക്കി നീതി ഉറപ്പാക്കാൻ സെമിനാർ നടത്തുന്നു.<br>• കോളേജ്/സ്കൂൾ കുട്ടികൾക്ക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ 'കലാലയ ജ്യോതി' എന്ന പേരിൽ നടത്തുന്നുണ്ട്.<br>• സ്ത്രീകൾക്ക് എതിരായ നീതിരഹിത പ്രവർത്തനങ്ങൾക്ക് എതിരെ പത്രപരസ്യം, ഡോക്യുമെന്ററി, ബ്രോഷർ, ബുക്ക് ലറ്റ് തുടങ്ങിയവ കമ്മീഷൻ പ്രസിദ്ധീകരി ക്കുന്നുമുണ്ട്. |

| | |
|---|---|
| (സി) കുടുംബ ബന്ധങ്ങൾ ദൃഢപ്പെടുത്തുന്നതിനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സഹായകരമായ പദ്ധതികൾക്ക് രൂപം നൽകുമോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) കുടുംബ പ്രശ്നങ്ങളിലെ പരാതിയുമായി കമ്മീഷനെ സമീപിക്കുന്നവരെ അദാലത്ത് വഴി പരിഹാരം നേടുന്നതിന് സഹായിക്കുന്നു. ആവശ്യമുള്ളവർക്ക് കൗൺസിലിംഗിലൂടെ ബന്ധങ്ങൾ മെച്ചപ്പെടുത്താൻ അവസരം നൽകുന്നു. കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനു വേണ്ടി കലാലയ ജ്യോതി പദ്ധതി വഴി കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കായി ഫിലിം പ്രദർശനം, സെമിനാർ എന്നിവയിലൂടെ ബോധവത്ക്കരണം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വിവാഹപൂർവ്വ കൗൺസിലിംഗും നടത്തുവാൻ കമ്മീഷന് പദ്ധതിയുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും താൽക്കാലികമായി സംരക്ഷിക്കാൻ ഒരു ഹ്രസ്വകാല വസതിയും കമ്മീഷൻ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ